പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:825 — 28.09.2011- ലെ മറുപടി

## ബസ്സുകളുടെ സേവനം ഏറ്റവും കുറവ് ലഭ്യമാകുന്ന ജില്ലകൾ

ചോദ്യം — ഉത്തരം

ശ്രീ. റോഷി അഗസ്റ്റിൻ.
ശ്രീ. പി.സി. ജോർജ്.
ശ്രീ. തോമസ് ഉണ്ണിയാടൻ.
ഡോ. എൻ. ജയരാജ്.

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കെ.എസ്.ആർ.റ്റി.സി. ബസ്സുകൾ നിലവിൽ എത്ര കിലോമീറ്റർ ദൈർഘ്യം പ്രതിദിനം സർവ്വീസുകൾ നടത്തുന്നുണ്ട്; | (എ) | 2011 ആഗസ്റ്റ് മാസത്തെ കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി. ബസ്സുകൾ പ്രതിദിനം ശരാശരി 15.06 ലക്ഷം കി.മീറ്റർ സർവ്വീസ് നടത്തുന്നുണ്ട്. |
| (ബി) | കെ.എസ്.ആർ.റ്റി.സി. ബസ്സുകളുടെ സേവനം ഏറ്റവും കുറവ് ലഭ്യമാകുന്ന ജില്ലകൾ ഏതെല്ലാമാണെന്നും പ്രസ്തുത ജില്ലകളിൽ യഥാക്രമം എത്ര കിലോമീറ്റർ ദൂരം സർവ്വീസ് നടത്തുന്നുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഏറ്റവും കുറവ് ദൂരം സർവ്വീസ് നടത്തുന്ന ജില്ലകൾ താഴെ പറയുന്നു.<br>വയനാട് — 62,838 കി.മീറ്റർ<br>ഇടുക്കി — 60,689 കി.മീറ്റർ<br>മലപ്പുറം — 59,797 കി.മീറ്റർ<br>കോഴിക്കോട് — 59,470 കി.മീറ്റർ<br>കാസർഗോഡ് — 32,048 കി.മീറ്റർ |
| (സി) | ബസ്സുകളുടെ സേവനം കുറവ് ലഭ്യമാകുന്ന ജില്ലകളിൽ സർവ്വീസ് വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | പ്രധാനമായും മലബാർ മേഖലയിലുള്ള ജില്ലകളിലാണ് കെ.എസ്.ആർ.ടി.സി.യുടെ സർവ്വീസുകൾ മുൻ കാലങ്ങളിൽ വളരെ കുറവായിരുന്നത്. എന്നാൽ 2007 - 2008 മുതൽ പ്രതിവർഷം 1000 പുതിയ ബസ്സ് നിരത്തിലിറക്കി തുടങ്ങിയതോടുകൂടി മലബാർ മേഖലയിലെ പ്രധാന പട്ടണങ്ങളെ ബന്ധിപ്പിച്ച് കൊണ്ടും ജില്ലകളെ ബന്ധിപ്പിച്ച് കൊണ്ടും കെ.എസ്.ആർ.ടി.സി. ചെയിൻ സർവ്വീസുകൾ |

| | | | |
|---|---|---|---|
| | | | ആരംഭിക്കുകയുണ്ടായി. അവയെല്ലാം ലാഭകരമായും യാത്രക്കാർക്ക് പ്രയോജനപ്രദമായും ഇപ്പോഴും നടത്തിവരുന്നുണ്ട്. ഇതിന്റെ ഫലമായി പൊതു ഗതാഗത മേഖലയിലെ കെ.എസ്.ആർ.ടി.സി. യുടെ പങ്ക് 13% ആയിരുന്നത് ഇപ്പോൾ 27% ആയി വർദ്ധിച്ചിട്ടുണ്ട്. തുടർന്നും പ്രതിവർഷം 1000 പുതിയ ബസ്സുകൾ നിരത്തിലിറക്കാൻ കെ.എസ്.ആർ.ടി.സി.ക്ക് പദ്ധതിയുള്ളതിനാൽ ബസ്സുകളുടെ കുറവ് അനുഭവപ്പെടുന്ന ജില്ലകളിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ് വ്യാപിപ്പിക്കുവാൻ കഴിയുമെന്ന് കരുതുന്നു. |

Vinc Dominic

സെക്ഷൻ ഓഫീസർ